പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1686 | 02.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| അവധിയെടുത്ത അംഗൻവാടി വർക്കറെ തിരകെ ജോലിയിൽ പ്രവേശിപ്പിക്കാൻ നടപടി | |
| ചോദ്യം | ഉത്തരം |
| ശ്രീ.ബി.സത്യൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെന്റർ നമ്പർ 160 അംഗൻവാടിയിൽ വർക്കറായി ജോലിയിലിരിക്കെ ഹൃദയസംബന്ധമായ അസുഖം നിമിത്തം അവധിയെടുക്കേണ്ടിവന്ന ശ്രീമതി.എൽ.കൈരളി (വിഷ്ണു ഭവൻ, പേരുത്തല, കാട്ടായിക്കോണം, പോത്തൻകോട്) യ്ക്ക് വീണ്ടും ജോലിയിൽ പ്രവേശിക്കുവാൻ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെന്റർ നമ്പർ 160-ൽ അങ്കണവാടി വർക്കറായിരിക്കെ അവധി എടുക്കേണ്ടി വന്ന ശ്രീമതി.എൽ.കൈരളിയ്ക്ക് വീണ്ടും ജോലിയിൽ പ്രവേശിക്കുവാൻ സി.ഡി.പി.ഒ അനുമതി നൽകിയിരുന്നു. |
| (ബി) അസുഖം നിമിത്തം ലീവെടുക്കേണ്ടി വന്ന കൈരളിക്ക് റഗുലറായി ജോലി നൽകുവാൻ കഴിയാത്തതെന്തെന്ന് വ്യക്തമാക്കാമോ; | (ബി) അച്ചടക്ക നടപടിയുടെ ഭാഗമായിട്ടാണ് ശ്രീമതി.കൈരളിയെ 160-ാം നമ്പർ അങ്കണവാടിയിൽ നിന്നും 153-ാം നമ്പർ അങ്കണവാടിയിലേയ്ക്ക് സ്ഥലം മാറ്റിയത്. തുടർന്ന് ടിയാളുടെ അപേക്ഷ പരിഗണിച്ച് 147-ാം നമ്പർ അങ്കണവാടിയിലേക്ക് സ്ഥലം മാറ്റം നൽകിയെങ്കിലും യഥാസമയം ജോലിയിൽ പ്രവേശിക്കാത്തതിനാൽ ടിയാളെ മാറ്റിനിർത്തുകയും തുടർന്ന് ടിയാളുടെ മാപ്പപേക്ഷയുടെ അടിസ്ഥാനത്തിൽ താക്കീത് നൽകി പുനഃപ്രവേശിപ്പിക്കുകയും ചെയ്തു. ടിയാൾ വീണ്ടും ഗുരുതരമായ കൃത്യവിലോപങ്ങൾ കാട്ടിയെങ്കിലും മാനുഷിക പരിഗണനയുടെ പേരിൽ തിരിച്ചെടുക്കാൻ ശ്രമിച്ചപ്പോൾ അങ്കണവാടി വെൽഫയർ കമ്മിറ്റിയുടെ ശക്തമായ എതിർപ്പിനെ തുടർന്ന് സാധിച്ചില്ല. ഇത് സംബന്ധിച്ച് ശ്രീമതി.കൈരളിയും മറ്റ് അപേക്ഷ നൽകിയിട്ടില്ല. |
| (സി) കൈരളിക്ക് സ്ഥിരമായി ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ ? | (സി) അങ്കണവാടി വെൽഫയർ കമ്മിറ്റിയുടെ എതിർപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിന്മേൽ അന്വേഷണം നടത്തി വെൽഫയർ കമ്മിറ്റിയുമായി കൂടിയാലോചന നടത്തിയശേഷമേ ശ്രീമതി.കൈരളിയെ പുനഃപ്രവേശിപ്പിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ